# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1621 — 11.2.2013-ൽ മറുപടിക്ക്

### മാലിന്യസംസ്ക്കരണ പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. റ്റി. ബൽറാം<br>,, കെ. അച്ചുതൻ<br>,, എ. റ്റി. ജോർജ്<br>,, പി. എ. മാധവൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ആധുനിക മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | എ) തിരുവനന്തപുരത്ത് ചാലയിൽ പ്രതിദിനം 35 ടൺ മാലിന്യം സംസ്കരിക്കാനുള്ള പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കോട്ടയം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ നവീന പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു |
| ബി) പ്രസ്തുത പ്ലാന്റുകളുടെ സവിശേഷതകൾ വിശദമാക്കുമോ; | ബി) പൂർണ്ണമായും കവർ ചെയ്യപ്പെട്ട് ഒരു ഷോപ്പിംഗ് മാൾ പോലെ പ്രവർത്തിക്കുന്നതും, മലിനജലം ഉണ്ടാകാത്തതും, ദുർഗന്ധം വമിക്കാത്തതും, വായു-മലിനീകരണം ഉണ്ടാക്കാത്തതും സാനിട്ടറി ലാന്റ് ഫിൽ ആവശ്യമില്ലാത്തുമായ പ്ലാന്റ് സ്ഥാപിക്കുവാനാണ് വിഭാവനം ചെയ്യുന്നത്. |
| സി) പ്രസ്തുത പ്ലാന്റുകളുടെ പ്രവർത്തനം സംബന്ധിച്ച ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണ്; | സി) തിരുവനന്തപുരത്ത് ചാലയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന നവീന പ്ലാന്റിന്റെ ടെൻഡർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. ശേഷിക്കുന്ന പ്ലാന്റുകളുടെ നടപടികൾ വിവിധ ഘട്ടത്തിലാണ്. |
| ഡി) പ്രസ്തുത പ്ലാന്റുകളിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;<br>ഇ) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | ഡി) & ഇ) തിരുവനന്തപുരത്ത് ചാലയിൽ സ്ഥാപിക്കുന്ന പ്രതിദിനം 35 ടൺ സംസ്ക്കരിക്കാവുന്ന പ്ലാന്റിൽ നിന്നും പ്രതിദിനം 3.2 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ശേഷിക്കുന്ന നഗരങ്ങളിലെ പ്ലാന്റുകളിൽ ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് ടെൻഡർ നടപടികൾ പൂർത്തിയായാൽ മാത്രമേ വ്യക്തമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ